REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രീയ ഇച്ഛാശക്തിയും, സാങ്കേതിക വിദ്യയുടെ ഉപയോഗവും കൊണ്ട് രാജ്യത്തിന്റെ സുരക്ഷ ശക്തിപ്പെടുത്താൻ കേന്ദ്രത്തിന് കഴിഞ്ഞതായി ആഭ്യന്തരമന്ത്രി അമിത്ഷാ.**
- **ഭാരതീയ സംസ്കാരത്തിൽ, വിഭാഗീയതയ്ക്ക് സ്ഥാനമില്ലെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.**
- **ഇന്ന് ലോകജലദിനം. ഭൗമ മണിക്കൂറും ഇന്ന് ആചരിക്കും.**
- **വിശുദ്ധ റമസാൻ വ്രതം അവസാന പത്തിലേക്ക് കടന്നു.**
- **ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് പതിനെട്ടാം പതിപ്പിന് ഇന്ന് കൊൽക്കത്തയിൽ തുടക്കമാകും.**

## വാർത്തകൾ വിശദമായി

കഴിഞ്ഞ പത്തു വർഷങ്ങളിൽ രാഷ്ട്രീയ ഇച്ഛാശക്തിയും, സാങ്കേതിക വിദ്യയുടെ ഉപയോഗവും കൊണ്ട് രാജ്യത്തിന്റെ സുരക്ഷ ശക്തിപ്പെടുത്താൻ കേന്ദ്രത്തിന് കഴിഞ്ഞതായി ആഭ്യന്തരമന്ത്രി അമിത്ഷാ രാജ്യസഭയിൽ പറഞ്ഞു. ജമ്മുകശ്മീരിലെ ഭീകരപ്രവർത്തനങ്ങളും വടക്കു-കിഴക്കൻ മേഖലയിലെ ഇടതു തീവ്രവാദവും കലാപ സംഭവങ്ങളുമാണ് രാജ്യം നേരിട്ടിരുന്ന മൂന്ന് പ്രധാന വെല്ലുവിളികൾ. ഇതിനെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞതായും അമിത്ഷാ പറഞ്ഞു.

✪✪✪

മൂല്യബോധത്തിലും ധർമ്മത്തിലും അധിഷ്ഠിതമാണ് ഭാരതീയ സംസ്കാരമെന്നും, അവിടെ വിഭാഗീയതയ്ക്ക് സ്ഥാനമില്ലെന്നും ഗവർണർ

രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിപ്രായപ്പെട്ടു. രാജ്യത്തെ പുരാതനമായ അഖാരയ്ക്ക് ഒരു മലയാളി നേതൃത്വം നൽകുന്നത് സന്തോഷത്തിന്റെ അവസരമാണെന്നും ഗവർണർ പറഞ്ഞു. കുംഭമേളയുടെ മഹാ മണ്ഡലേശ്വർ ആയി അഭിഷിക്തനായ ആനന്ദവനം ഭാരതിക്ക് തിരുവനന്തപുരത്ത് നൽകിയ പൗര സ്വീകരണത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ഗവർണർ.

കോട്ടയ്ക്കകം ലെവി ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ മുതിർന്ന സന്യാസി ശ്രേഷ്ഠൻമാരും, സാംസ്കാരിക രംഗത്തെ പ്രമുഖരും പങ്കെടുത്തു.

✪✪✪

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ അധ്യാപക നിയമനത്തിന് K.ടെറ്റ് നിർബന്ധമാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു. K-ടെറ്റ് യോഗ്യതയില്ലാത്തവർക്ക് ജോലിയും, സ്ഥാനക്കയറ്റവും നൽകുന്ന പ്രവണത നിയന്ത്രിക്കുന്നതിനാണ് നടപടി.

✪✪✪

ഓരോ തുള്ളി ജലവും അമൂല്യമാണ് എന്ന ഓർമപ്പെടുത്തലുമായി ഇന്ന് ലോക ജലദിനം. ജലവിനിയോഗം സൂക്ഷ്മതയോടെ ആകണമെന്ന സന്ദേശമാണ് ഈ ദിനം നൽകുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതർ വിവരങ്ങൾ...

.....വോയിസ് .............

1992-ൽ ബ്രസീലിലെ റിയോവിൽ ചേർന്ന UN കോൺഫറൻസ് ഓൺ എൻവയൺമെന്റ് ആൻഡ് ഡവലപ്മെന്റിലാണ് ലോക ജലദിനമെന്ന നിർദ്ദേശം ആദ്യമായി ഉയർന്നുവന്നത്. ഇതേ തുടർന്ന് UN ജനറൽ അസംബ്ലി 1993 മാർച്ച് 22 മുതൽ ലോക ജലദിനം ആചരിക്കാൻ തീരുമാനിക്കുകയായിരുന്നു.

'ഹിമാനികൾ സംരക്ഷിക്കുക' എന്നതാണ് ഈ വർഷത്തെ ലോക ജലദിനത്തിന്റെ പ്രമേയം. ആഗോള ശുദ്ധജല വിതരണം നിലനിർത്തുന്നതിൽ ഹിമാനികൾ വഹിക്കുന്ന പങ്കിനെയും കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ സംരക്ഷണ നടപടികളുടെ അടിയന്തിര ആവശ്യകതയെയും ഇത് ഊന്നിപ്പറയുന്നു.

✪✪✪

ലോക ജലദിനത്തോട് അനുബന്ധിച്ച് ഫ്രണ്ട്സ് ഓഫ് ഭാരതപ്പുഴയുടെ നേതൃത്വത്തിൽ 'ജലമിഷൻ പാലക്കാട് 2030' സംഘടിപ്പിക്കും. രാവിലെ നൂറണിയിൽ ജില്ലാ കളക്ടർ G.പ്രിയങ്ക, മിഷൻ ഉദ്ഘാടനം ചെയ്യും.

അഞ്ചു വർഷം കൊണ്ട് ജില്ലയിലെ ജല ലഭ്യത ഉയർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

✪✪✪

ആഗോളതാപനത്തിൽ നിന്ന് ഭൂമിയെ സംരക്ഷിക്കുക എന്ന സന്ദേശത്തോടെ ഇന്നു രാത്രി 8.30 മുതൽ 9.30 വരെ വൈദ്യുതി വിളക്കുകൾ അണച്ച് ഭൗമ മണിക്കൂർ ആചരിക്കും. വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചറിന്റെ ആഹ്വാന പ്രകാരമാണ് ദിനാചരണം. മാർച്ചിലെ അവസാന ശനിയാഴ്ചയാണ് ഭൗമ മണിക്കൂർ ആചരിക്കുന്നത്. ഇത്തവണ ലോക ജലദിനം കൂടിയായതിനാൽ മാർച്ചിലെ നാലാം ശനിയാഴ്ച ഇന്ന് ഭൗമ മണിക്കൂർ ആചരിക്കാൻ തീരുമാനിക്കുകയായിരുന്നു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് ഏപ്രിൽ 21 ന് കാസർകോട്ട് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന വാർഷികാഘോഷങ്ങൾക്ക് മുന്നോടിയായി ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം കാസർകോട്ട് ചേർന്നു. പീലിക്കോട് പഞ്ചായത്തിലെ കാലിക്കടവിൽ ഇതിന്റെ ഭാഗമായി പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതിന്റെ ഒരുക്കങ്ങൾ യോഗം വിലയിരുത്തി.

✪✪✪

വിശുദ്ധ റമസാൻ വ്രതം അവസാന പത്തിലേക്ക് കടന്നു. വിശ്വാസികൾ പ്രാർഥനകളിലും പുണ്യപ്രവൃത്തികളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിവസങ്ങളാണ് ഇനി.

ഡെസ്ക് റിപ്പോർട്ട്

.......Voice.......

ആയിരം മാസങ്ങളെക്കാൾ ശ്രേഷ്ഠമായ ലൈലത്തുൽ ഖദ്റിന്റെ രാത്രി പ്രതീക്ഷിക്കുന്ന അവസാന പത്തിൽ ആരാധനകളും പ്രാർഥനകളും വർധിപ്പിച്ചും പള്ളികളിൽ ഇഅ്തികാഫ് ഇരുന്നും വിശ്വാസികൾ കൂടുതൽ കർമനിരതരാകും. റമസാനിലെ അവസാന പത്തിലെ ഒറ്റയിട്ട രാവുകളിൽ ഒന്നിലാണ് വിശുദ്ധ ഖുർആൻ അവതീർണമായ ലൈലത്തുൽ ഖദിർ. ഏത് രാത്രിയാണ് ഇതെന്ന് നിർണയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഒറ്റയിട്ട രാവുകളിൽ വിശ്വാസികൾ ആരാധനാ കർമങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. ദാനദർമങ്ങളിലും സാധുജന സംരക്ഷണത്തിലുമെല്ലാം വിശ്വാസികൾ കൂടുതൽ ജാഗ്രത കാണിക്കുന്ന ദിനരാത്രങ്ങൾ കൂടിയാണ് റമസാനിലെ അവസാന പത്ത് ദിനങ്ങൾ.

✪✪✪

കലിക്കറ്റ് സർവകലാശാല സെനറ്റ് യോഗത്തിൽ ചാൻസലർ കൂടിയായ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ഇന്ന് പങ്കെടുക്കും. ലഹരിവിരുദ്ധ ക്യാമ്പസ് ദൗത്യത്തിന്റെ പ്രചരണാർത്ഥം ചാൻസലർ സെനറ്റിനെ അഭിസംബോധന ചെയ്യും.

✪✪✪

ആശാപ്രവർത്തകർക്ക് രാജ്യത്ത് ഏറ്റവും കൂടിയ വേതനം നൽകുന്നത് കേരളത്തിലാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സ്ത്രീ സന്നദ്ധ പ്രവർത്തകർ എന്ന നിലയിൽ നിന്ന് തൊഴിലാളികളായി ആശമാരെ കേന്ദ്രം അംഗീകരിച്ചാൽ മാത്രമേ അവരുടെ പ്രശ്നങ്ങൾക്ക് പൂർണ പരിഹാരം കാണാനാവൂ എന്ന് മന്ത്രി പറഞ്ഞു. മലപ്പുറം എടക്കര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മികച്ച അങ്കണവാടി പ്രവർത്തക എന്ന ബഹുമതി ലഭിച്ച PP സീനത്തിനെ മന്ത്രി ചടങ്ങിൽ ആദരിച്ചു.

✪✪✪

ആശാവർക്കർമാർ സെക്രട്ടറിയേറ്റിന് മുന്നിൽ ആരംഭിച്ച അനിശ്ചിത കാല നിരാഹാര സമരം ഇന്ന് മൂന്നാം ദിവസത്തിലേക്ക്. സെക്രട്ടറിയേറ്റിന് മുന്നിൽ കഴിഞ്ഞ മാസം പത്തിന് ആരംഭിച്ച രാപ്പകൽ സമരത്തിന്റെ രണ്ടാം ഘട്ടമെന്ന നിലയിലാണ് നിരാഹാര സമരം ആരംഭിച്ചത്.

✪✪✪

രണ്ട് മാസം നീളുന്ന ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് പതിനെട്ടാം പതിപ്പിന് ഇന്ന് കൊൽക്കത്തയിൽ തുടക്കമാകും. പത്തു ടീമുകളാണ് IPL ൽ കളിക്കുന്നത്. ഉദ്ഘാടന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും റോയൽ ചാലഞ്ചേഴ്സ് ബംഗളുരുവും ഏറ്റുമുട്ടും. വൈകിട്ട് ഏഴരയ്ക്ക് ഈഡൻ ഗാർഡനിലാണ് മത്സരം.

✪✪✪

വോൾവർ ഹാംപ്ടൺ കബഡി വനിതാ ലോകകപ്പിൽ ഇന്ത്യയും ആതിഥേയരായ ഇംഗ്ലണ്ടും ഫൈനലിൽ പ്രവേശിച്ചു. ഇന്ത്യ ഹോങ്കോങ്ങിനെയും ഇംഗ്ലണ്ട് വെയിൽസിനെയും പരാജയപ്പെടുത്തിയാണ് ഫൈനലിൽ കടന്നത്. നാളെയാണ് ഫൈനൽ.

✪✪✪

ഖേലോ ഇന്ത്യ പാരാഗെയിംസിൽ ഒൻപത് സ്വർണവുമായി തമിഴ്നാട് മുന്നേറുന്നു. ഹരിയാന ഏഴും, മഹാരാഷ്ട്രയും ഉത്തർപ്രദേശും അഞ്ചു വീതവും സ്വർണം നേടി. പുരുഷ 800 മീറ്ററിലും നൂറു മീറ്ററിലും സ്വർണം നേടി തമിഴ്നാടിന്റെ രമേഷ് ഷംങ്കുമാനാണ് ഗെയിംസിൽ മികച്ച പ്രകടനം കാഴ്ച വെച്ചത്.

✪✪✪

സ്വിസ് ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ ട്രീസ ജോളി- ഗായത്രി ഗോപീചന്ദ് സഖ്യം സെമിഫൈനലിൽ കടന്നു. ചൈനയുടെ എട്ടാം സീഡ് സഖ്യത്തെയാണ് അവർ തോൽപ്പിച്ചത്.

ഇന്ന് സെമിയിൽ ചൈനയുടെ ലിയു ഷെങ്സു- താൻ നിംഗ് സഖ്യത്തെ ഇന്ത്യ നേരിടും. പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ശങ്കർ സുബ്രഹ്മണ്യൻ ക്വാർട്ടർ ഫൈനലിൽ, ഫ്രാൻസിന്റെ ക്രിസ്റ്റോ പോപ്പോവിനോട് പരാജയപ്പെട്ടു.

✪✪✪

ഇടുക്കി പീരുമേട്ടിലെ ഇക്കോ ലോഡ്ജും നവീകരിച്ച ഗവൺമെന്റ് ഗസ്റ്റ് ഹൗസും രാവിലെ മന്ത്രി P.A. മുഹമ്മദ് റിയാസ് നാടിന് സമർപ്പിക്കും.

ഉച്ചയ്ക്ക് വാഗമണിൽ പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലിന്റെ സമാപന സമ്മേളനവും മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. വാഗമൺ ഇന്റർനാഷനൽ പാരാഗ്ലൈഡിംഗ് കപ്പ് ജേതാക്കൾക്ക് മന്ത്രി സമ്മാനങ്ങളും വിതരണം ചെയ്യും. ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളെ ആകർഷിക്കാൻ നടപ്പാക്കിയ ഇൻസ്റ്റലേഷൻ ഓഫ് ഫോട്ടോ ഫ്രെയിംസ് അറ്റ് സെവൻ ലൊക്കേഷൻസ് പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ഗവൺമെന്റ് മുൻകൈയെടുത്ത് മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതും നവീകരിക്കുന്നതും ഉപഭോക്താക്കൾക്കും മത്സ്യത്തൊഴിലാളികൾക്കും ഒരേപോലെ ഗുണകരമാണെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. വാണിജ്യ വ്യാപാര രംഗത്തെ കുതിച്ചുചാട്ടത്തിന് ഇത് വഴിയൊരുക്കും. തിരുവനന്തപുരം പഴയ കുന്നുമ്മൽ മത്സ്യ മാർക്കറ്റിന്റെ നവീകരണപ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇതിനകം 65 മത്സ്യ മാർക്കറ്റുകൾ നവീകരിച്ചതായി സജി ചെറിയാൻ അറിയിച്ചു.

✪✪✪

കാസർകോട് ജില്ലയിലെ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങളും ആനുകൂല്യങ്ങളും മന്ത്രി ഡോ. R ബിന്ദു ഇന്ന് വിതരണം ചെയ്യും. നവീകരിച്ച ജില്ലാ സാമൂഹ്യനീതി ഓഫീസും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്തെ ആദ്യ ഹരിത റെയിൽവേ സ്റ്റേഷനായി കണ്ണൂർ കണ്ണപുരം റെയിൽവേ സ്റ്റേഷനെ ഇന്ന് പ്രഖ്യാപിക്കും. വൈകിട്ട് ജില്ലാ കളക്ടർ അരുൺ K വിജയൻ ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തും. റെയിൽവേ സ്റ്റേഷൻ ശുചിത്വപൂർണമായി സൂക്ഷിക്കുന്നതിനും, മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്.

✪✪✪

കോഴിക്കോട് കോവൂരിൽ 58 ഗ്രാം MDMA യുമായി ഒരാൾ എക്സൈസിന്റെ പിടിയിലായി. താമരശ്ശേരി സ്വദേശി മിർഷാദിനെയാണ് കസ്റ്റഡിയിലെടുത്തത്.

പന്തിരാങ്കാവ് കൊടൽ നടക്കാവിൽ നിന്ന് മറ്റൊരാളെ MDMA യും, എക്സ്റ്റസി ടാബ്ലറ്റുമായും പിടികൂടി. ഇയാളിൽ നിന്ന് മൂന്നര ഗ്രാമിലേറെ MDMA യും, ആറര ഗ്രാമിലേറെ എക്സ്റ്റസി ടാബ്ലറ്റും കണ്ടെത്തി. ടാക്സ് കൺസൾട്ടന്റ് ആയി പ്രവർത്തിച്ചുവരുന്ന പന്തീരാങ്കാവ് സ്വദേശി സുജിൻ രാജാണ് ഡാൻസാഫിന്റെയും പൊലീസിന്റെയും പിടിയിലായത്.

കോഴിക്കോട് സിറ്റിയിൽ ഇന്നലെ മയക്കുമരുന്ന് വിൽപ്പനക്കാരായ നാലു പേരെയും കഞ്ചാവ് ഉപയോഗിച്ച 32 പേരെയും കസ്റ്റഡിയിൽ എടുത്തു.

കോഴിക്കോട് ജില്ലയിൽ വൻതോതിൽ മയക്കുമരുന്ന് വിറ്റഴിച്ച കൊടുവള്ളി സ്വദേശി സഫ്തർ ഹാഷ്മി എന്നയാൾക്കെതിരെ ആഭ്യന്തരവകുപ്പ് ഒരു വർഷത്തെ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചു.

✪✪✪

കോഴിക്കോട് കാരപറമ്പിൽ രണ്ട് കിലോയോളം കഞ്ചാവ് പിടികൂടി. കാരപറമ്പ് സ്വദേശി അമലിൽ നിന്നാണ് എക്സൈസ് സർക്കിൾ ടീം കഞ്ചാവ് പിടിച്ചെടുത്തത്.

✪✪✪

കൊല്ലത്ത് 50 ഗ്രാം MDMA യുമായി യുവതി പൊലീസ് പിടിയിലായി. പെരിനാട് ഇടവട്ടം സ്വദേശി അനില രവീന്ദ്രനാണ് രാസലഹരിയുമായി ബെങ്കളൂരുവിൽ നിന്ന് കാറിൽ വരുന്നതിനിടെ ശക്തികുളങ്ങര പൊലീസിന്റെയും ഡാൻസാഫ് സംഘത്തിന്റെയും കസ്റ്റഡിയിലായത്.

✪✪✪

മന്ത്രി വീണാ ജോർജ് ഇന്ന് വയനാട് ജില്ലയിലെ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യും. വൈത്തിരി താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക്, OPD ട്രാൻസ്ഫോർമേഷൻ, നവീകരിച്ച P.P യൂണിറ്റ്, ലാബ് എന്നിവയുടെ ഉദ്ഘാടനം രാവിലെ നിർവഹിക്കും.

✪✪✪

ആകാശവാണി കോഴിക്കോട് നിലയത്തിന്റെ 75ാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി സ്വാതി തിരുനാൾ സംഗീതോത്സവത്തിന് തുടക്കമായി. ആദ്യ ദിവസമായ ഇന്നലെ ചാലപ്പുറം കേസരി ഭവൻ ഓഡിറ്റോറിയത്തിൽ കൊല്ലം ബാലമുരളിയുടെ സംഗീതകച്ചേരി ഇതിന്റെ ഭാഗമായി അവതരിപ്പിച്ചു.

ഇന്ന് വൈകിട്ട് ചെന്നൈ TVS മഹാദേവന്റെ കച്ചേരി ഉണ്ടായിരിക്കും. നാളെ ചെന്നൈ അമൃത മുരളിയും കച്ചേരി അവതരിപ്പിക്കും.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: സയ്യിദ് അലി ശിഹാബ് തങ്ങൾ, രജിന കെ*
*DEO ഷീബ*